LIBRARY ARCHIVES Kerala Legislative Assembly

അഗ്രോ നഴ്സറികൾ

236 (2516) ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി അഗ്രോ നഴ്സറികൾ ആരംഭിക്കുന്നതിന് നീക്കിവച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ അഗ്രോ നഴ്സറികൾ ആരംഭിച്ച ഗുണഭോക്താക്കളുടെ ജില്ലകൾ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷം മാത്രമാണ് പ്രോജക്ടടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പ് അഗ്രോ നഴ്സറി പദ്ധതി നടപ്പിലാക്കിയത്. വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതിയിലൂടെ അഗ്രോ നഴ്സറികൾ ആരംഭിച്ച ഗുണഭോക്താക്കളുടെ ജില്ലകൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു*.

പട്ടികജാതി വിഭാഗക്കാർക്കായി ചികിത്സാ ധനസഹായം

237 (2517) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക വിഭാഗക്കാർക്കായി ചികിത്സാ ധനസഹായത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത്നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽനിന്നും പട്ടികവിഭാഗക്കാരുടെ ചികിത്സയ്ക്കായി പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസനിധിയിൽ നിന്നും 9-1-1998- ലെ സ.ഉ.(കൈ) നമ്പർ 1/98/പജപവവിവ പ്രകാരം 1998 മുതൽ 25,000 രൂപ വരെ ചികിത്സാധനസഹായമായി അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20-9-2012-ലെ സ.ഉ.(കൈ) നമ്പർ 128/12/പജപവവിവ പ്രകാരം ചികിത്സാധനസഹായം 50,000 രൂപയായി വർദ്ധിപ്പിക്കുകയും ടി ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി 50,000 രൂപയായും വർദ്ധിപ്പിച്ചു. കൂടാതെ ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി നിർധനരോഗികൾക്ക് ഒരു ലക്ഷം രൂപ വരെ ബന്ധപ്പെട്ട ആശുപത്രി മുഖേന അനുവദിച്ചു വരുന്നുണ്ട്.

(ബി) നിർദ്ധനരും മാരകരോഗം ബാധിച്ചവരുമായ പട്ടികജാതിക്കാരുടെ ആരോഗ്യ പരിപാലനമാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് തുക അനുവദിച്ചുനൽകുകയും ജില്ലാ ആഫീസർമാർ തുക മാറി ഡി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ച് ബന്ധപ്പെട്ട അപേക്ഷകർക്ക് നേരിട്ടോ ചെക്കായോ അല്ലെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസർ മുഖാന്തരമോ ധനസഹായം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകർ ജില്ലാ ഓഫീസുകളിലെത്തി തുക കൈപ്പറ്റുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും, തുക വിതരണത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുമായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാരുടെ പേരിൽ TSB അക്കൗണ്ട് ആരംഭിച്ച് ധനസഹായ വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വളപ്പ്, സീഷോർ കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

238 (2518) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ വളപ്പ്, സീഷോർ എന്നീ കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly